## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1244**

**06.03.2018 - ൽ**
**മറുപടിയ്ക്ക്**

### മാവേലിക്കര നിയോജക മണ്ഡലത്തിലെ കൃഷിത്തോട്ടത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷിത്തോട്ടത്തിലും ഹോർട്ടികോർപ്പിലും നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരം ലഭ്യമാക്കുമോ;<br><br>ബി) ഓരോ പദ്ധതികൾക്കും പ്രവൃത്തികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം വ്യക്തമാക്കുമോ? | എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങളും ആവശ്യ് വകയിരുത്തിയ തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ബി) മാവേലിക്കര നിയോജക മണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ബീ കീപ്പിംഗ് കൺസോർഷ്യം & ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനത്തിലൂടെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഇൻ ഹോർട്ടികൾച്ചർ (MIDH) പദ്ധതിയും അസിസ്റ്റൻസ് ടു ഹണി പ്രൊഡക്ഷൻ (AHP) പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ സൗജന്യമായി 4 ദിവസം നീളുന്ന തേനീച്ച വളർത്തൽ പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ച കർഷകർക്ക് ആവശ്യമുള്ള പക്ഷം തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും 40% സബ്സിഡി വ്യവസ്ഥയിൽ നൽകുകയും ചെയ്തു വരുന്നു. തേൻ ഉത്പാദനത്തിന് ഒരു സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി തേനീച്ച വളർത്തൽ പരിശീലന കേന്ദ്രത്തിന്റെ നവീകരണവും ആധുനിക രീതിയിലുള്ള തേൻ സംസ്കരണ യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടി പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന തേൻ സംഭരിച്ച് സംസ്കരിച്ച് തേനും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളുമായി വിപണനം ചെയ്യുന്നതിന് സാധിക്കുന്നതാണ്. തേൻ ഉൽപ്പാദനത്തിനുള്ള സഹായ പദ്ധതി പ്രകാരം 150 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 95 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തു. MIDH പദ്ധതി നടപ്പിലാക്കുന്നതിനായി 88 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ. നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | |
|---|---|---|---|
| | | മാവേലിക്കര ജില്ലാ കൃഷിത്തോട്ടം (ലക്ഷം രൂപ) | അറുന്നൂറ്റി മംഗലം വിത്തുല്പാദന കേന്ദ്രം (ലക്ഷം രൂപ) |
| 1 | നടീൽ വസ്തുക്കളുടെ ഉല്പാദനം (വേരുപിടിപ്പിച്ച കുരുമുളക് വള്ളികളുടെ ഉല്പാദനം ഉൾപ്പെടെ) | 26.50 | 2.15 |
| 2 | ഔഷധ സസ്യകൃഷി - ക്രോപ്പ് മ്യൂസിയം | 1.00 | |
| 3 | യന്ത്രവത്ക്കരണം | 20.00 | |
| 4 | മാതൃ ഫലവൃക്ഷങ്ങളുടെ പരിപാലനവും പുതിയവ വെച്ചുപിടിപ്പിക്കലും - 1 ഹെക്ടർ | 4.55 | |
| 5 | വിദേശീയ ഫലവൃക്ഷങ്ങളുടെ തോട്ടം നിർമ്മിക്കൽ -2 ഹെക്ടർ | 10.00 | |
| 6 | ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം - ജലസേചനസൗകര്യം ഒരുക്കൽ | 22.00 | |
| 7 | കള്ളൻ തെങ്ങുകളുടെ പ്രദർശനതോട്ടം ഒരുക്കൽ 10 പ്ലോട്ടുകൾ | 8.05 | |
| 8 | ഹൈടെക് ഫാമിംഗ് യൂണിറ്റിനുള്ള ഓപ്പറേഷണൽ സപ്പോർട്ടും, ടെക്നോളജി സപ്പോർട്ടും | 4.42750 | |
| | **ആകെ** | **96.52750** | **2.15** |
| | മാവേലിക്കര നിയോജക മണ്ഡലത്തിലുള്ള ഫാമുകളുടെ ആകെ തുക | **98.6775** ലക്ഷം | |

സെക്ഷൻ ഓഫീസർ